# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2074    22.01.2014-ൽ മറുപടിയ്ക്ക്

## മോഷണവും കവർച്ചയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബാബു എം. പാലിശ്ശേരി | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വീടുകളിൽ മോഷണവും കവർച്ചയും നടത്തിയതുമായി ബന്ധപ്പെട്ട് പോലീസ് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് വീടുകളിൽ 6863 മോഷണവും, 496 കവർച്ചയും നടത്തിയതുമായി ബന്ധപ്പെട്ട് പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) മോഷണവും കവർച്ചയും നടത്തുന്നതിനിടയിൽ മോഷ്ടാവിന്റെ ആക്രമണത്തിൽ എത്ര പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് സാരമായി പരിക്ക് പറ്റിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ; | (ബി) വീടുകളിൽ മോഷണവും, കവർച്ചയും നടത്തുന്നതിനിടയിൽ മോഷ്ടാവിന്റെ ആക്രമണത്തിൽ 43 പേർക്ക് ജീവൻ നഷ്ടപ്പെട്ടിട്ടുണ്ട്. 39 പേർക്ക് സാരമായി പരിക്ക് പറ്റിയിട്ടുണ്ട്. വിശദാംശം **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (സി) സംസ്ഥാനത്ത് മോഷണവും കവർച്ചയും പിടിച്ചുപറിയും കൂടിവരുന്നത് തടയാൻ പോലീസ് പരാജയപ്പെടുന്നതിന്റെ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കാമോ? | (സി) സംസ്ഥാനത്ത് മോഷണവും കവർച്ചയും പിടിച്ചുപറിയും തടയുന്നതിൽ പോലീസ് പരാജയപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

17.01.14

സെക്ഷൻ ഓഫീസർ